DESPATCHED
ON 05/03/2020

11/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.1626(6)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.20462/SIC-Gen5/2014**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി എൻ. കമലാഭായി,
ആറ്റൂർതൊടി,
കടയ്ക്കാവൂർ, കടയ്ക്കാവൂർ പി.ഒ.,
തിരുവനന്തപുരം. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മിസ്ട്രസ്,
ഗവൺമെന്റ് എൽ.പി.ജി.എസ്.,
വക്കം പി.ഒ., പിൻ – 695 308. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/11/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/12/2014 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 26/12/2014 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 29/12/2014 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14/01/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/09/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരി<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി എൻ.കമലാഭായി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാളുടെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ ആക്ഷേപമുള്ളതിനാൽ കമ്മീഷൻ മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിക്കുന്നു എന്നും ടിയാളുടെ അപേക്ഷയിലെ 1, 5, 7, 8, 9 & 10 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി തൃപ്തികരമല്ലെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. വക്കം – മരുതൻവിളാകം – ചെക്കാലവിളാകം റോഡിന്റെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ

കെട്ടിടങ്ങളുടെ എണ്ണം, കെട്ടിട നമ്പർ, വൈദ്യുതീകരണം നടത്തിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം എന്നിവ നൽകണമെന്നും

ii. ഓരോ കെട്ടിടത്തിലേയും ക്ലാസ് മുറികൾ, ഓഫീസ് മുറികൾ, മറ്റ് മുറികൾ എന്നിവ സംബന്ധിച്ച വിവരം നൽകണമെന്നും

iii. വക്കം – മരുതൻവിളാകം – ചെക്കാലവിളാകം റോഡിന്റെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന സ്കൂളിന്റെ കെട്ടിടങ്ങളുടെ എണ്ണം, കെട്ടിട നമ്പർ, വൈദ്യുതീകരണം നടത്തിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകണമെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. ഹർജിക്കാരിയുടെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം സംബന്ധിച്ച് എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, റോഡിന്റെ കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന പരാമർശിത സ്കൂളിൽ 3 കെട്ടിടങ്ങൾ ഉണ്ടെന്നും ഒന്നാം കെട്ടിടത്തിന്റെ നമ്പർ: 303 ആണെന്നും രണ്ടാമത്തെയും മൂന്നാമത്തെയും കെട്ടിടങ്ങളിൽ നമ്പർ പതിച്ചിട്ടില്ല എന്നും 3 കെട്ടിടങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ടെന്നുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, മേൽപ്പടി സ്കൂളിലെ 3 കെട്ടിടങ്ങൾക്കും നമ്പർ ഉണ്ടെന്നാണ്. ആയതിനാൽ മേൽപ്പടി കെട്ടിടങ്ങളുടെ നമ്പറടക്കമുള്ള പൂർണ്ണ വിവരങ്ങൾ എതിർകക്ഷി ഹർജിക്കാരിക്ക് നൽകേണ്ടതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 5-ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ബന്ധപ്പെട്ട സ്കൂൾ കെട്ടിടങ്ങൾക്ക് അവസാനമായി കരമൊടുക്കിയതിന്റെ രസീതാണ്. മേൽപ്പടി ഇനം സംബന്ധിച്ച് അറിയിച്ചത്, ബന്ധപ്പെട്ട കെട്ടിടം ഗവൺമെന്റ് വകയായതിനാൽ കെട്ടിട കരം ഒടുക്കുന്നില്ല എന്നാണ്. ആയത് ശരിയാണെന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷിയും ബോധിപ്പിച്ചു. മേൽപ്പടി വിവരം തെറ്റാണെന്ന് സ്ഥാപിക്കുന്ന യാതൊന്നും ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ല. 7-ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് പ്രസ്തുത സ്കൂളിലെ ഓരോ ക്ലാസ്സിലേയും കുട്ടികളുടെ ആകെ എണ്ണം, ക്ലാസ് ഡിവിഷനുകളിലെ ആകെ കുട്ടികളുടെ എണ്ണം, ജൂൺ മാസത്തിലെ ഓരോ ഡിവിഷനിലുമുള്ള കുട്ടികളുടെ ഹാജരിന്റെ പകർപ്പ് എന്നിവ നൽകണമെന്നാണ്. മേൽപ്പടി ഇനം സംബന്ധിച്ച് കുട്ടികളുടെ ആകെ എണ്ണവും ഡിവിഷനിലെ എണ്ണവും നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഹാജർ പകർപ്പ് സ്വകാര്യ വ്യക്തികൾക്ക് നൽകാൻ നിർവ്വാഹമില്ല എന്നാണ് അറിയിച്ചത്. മേൽപ്പടി ഹാജർ പുസ്തകം പൊതുരേഖയായതിനാലും ആയതിൽ വെളിപ്പെടുത്താൻ സാധിക്കാത്ത വ്യക്തിഗത വിവരങ്ങൾ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ലഭിക്കുവാനുള്ള അർഹത ഹർജിക്കാരിക്കുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. 8-ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് വിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയ ഓരാ ഡിവിഷനിലെയും കുട്ടികളുടെ പേര്, രക്ഷകർത്താവിന്റെ പേര്, മേൽവിലാസം, ജനന തീയതി, ആധാർ നമ്പർ എന്നിവയാണ്. മേൽപ്പടി ഇനം സംബന്ധിച്ച് എതിർകക്ഷി നൽകിയിരിക്കുന്ന മറുപടി നിയമാനുസൃതമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. 9-ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്,

RIGHT TO INFORMATION

സ്കൂളിലെ അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പേര്, വിലാസം സർക്കാർ ജീവനം/ദിവസവേതനം എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും അവർ സർവ്വീസ്സിൽ പ്രവേശിച്ച തീയതി, മറ്റ് സ്കൂളിലെ സർവ്വീസ് കാലയളവ്, ക്ലാസ്സ് ചുമതല സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകണമെന്നാണ്. ആയത് സ്വകാര്യ വ്യക്തികൾക്ക് നൽകാൻ നിയമം അനുവദിക്കുന്നില്ല എന്നാണ് എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്. മേൽപ്പടി ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങളിൽ ബന്ധപ്പെട്ടവരുടെ മേൽവിലാസം ഒഴികെയുള്ളവ നൽകേണ്ടതാണെന്നും മേൽപ്പടി വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 4-ാം വകുപ്പു പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ടുന്ന വിവരങ്ങളാണെന്നും കാണുന്നു. ആയതിനാൽ മേൽപ്പടി വിവരങ്ങൾ ഹർജിക്കാരിക്ക് ലഭിക്കുവാനുള്ള അർഹതയുണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 10-ാം ഇനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, സ്കൂൾ ഉടമസ്ഥാവകാശത്തിൽ ഉൾപ്പെട്ട വ്യക്തി/സ്ഥാപനം/ വസ്തു/ആധാരത്തിലെ ഉടമസ്ഥനെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ നൽകണമെന്നാണ്. മേൽപ്പടി ഇനം സംബന്ധിച്ച് എതിർകക്ഷി നൽകിയിട്ടുള്ള മറുപടിയിൽ കമ്മീഷൻ അപാകതയൊന്നും കാണുന്നില്ല.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 11-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION